# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ /എഎൽപി/ബിപി- 482/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 12/05/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (എയിംസ് മുഖേന)
2. അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ
3. ഓഫീസ് പകർപ്പ്

നമ്പർ: കെഎസ്എ /എഎൽപി/ബിപി- 482/2023 തീയ്യതി: 12/05/2023

## ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഹരികുമാർ ജി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 20-04-2023 | 28-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-04-2023 | 28-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. വി മായ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി. ബീന എ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. രഞ്ജു പ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഗീത ഷാജി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ഫ്ലവിഷൽലാൽ | സെക്രട്ടറി | 01-04-2021 | 29-09-2021 |
| ശ്രീ. മധുസൂദനൻ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-09-2021 | 30-09-2021 |
| ശ്രീ. സക്കീർഹുസൈൻ എച്ച് | സെക്രട്ടറി | 01-10-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി. റെയ്ച്ചൽ സോഫിയ അലക്സാണ്ടർ | 01-04-2021 | 31-03-2022 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. രാജേഷ് വി | 01-04-2021 | 06-02-2022 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി. ആഷ എസ് | 07-02-2022 | 31-03-2022 |
| ശിശുവികസന പദ്ധതി ഓഫീസർ | ഡോ. ശില്പ യു ജെ | 01-04-2021 | 28-10-2021 |
| ശിശുവികസന പദ്ധതി ഓഫീസർ | ശ്രീമതി. സാഹിനി എസ് എസ് | 29-10-2021 | 31-03-2022 |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, തുറവൂർ | ഡോ. ആർ റൂബി | 01-04-2021 | 31-03-2022 |
| വ്യവസായ വികസന ഓഫീസർ | ശ്രീമതി.ശാന്തി ആർ പൈ | 01-04-2021 | 31-03-2022 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി. ആശ ബി | 01-04-2021 | 03-12-2021 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി.പ്രവീണ ജി | 04-12-2021 | 31-03-2022 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി. ഷംല എം എസ് | 01-04-2021 | 05-10-2021 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി. നിഷ എം ബി | 06-10-2021 | 11-10-2021 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് | ശ്രീമതി. ഇന്ദു എസ് എസ് | 12-10-2021 | 02-03-2022 |

| | | | |
|---|---|---|---|
| എഞ്ചിനീയർ | | | |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി. നിഷ എം ബി | 03-03-2022 | 31-03-2022 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. സലീഷ്യ സജനി | 01-04-2021 | 31-12-2021 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ദീപ്തി ജെയിംസ് | 01-01-2022 | 14-01-2022 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. സിനി എസ് | 15-01-2022 | 07-03-2022 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ഷീജ ബി റാണി | 08-03-2022 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷികകണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം(എസിആർ പ്രകാരം) | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 8 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 9 | എസ് സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി -വാല്യുവേഷനേക്കാൾ അധികം നല്കിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു | 1-8 |
| 10 | ഡ്രൈവർക്ക് റ്റി.എ ഇനത്തിൽ അധികം തുക നല്കി | 1-9 |
| 11 | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-10 |
| 12 | പത്രപരസ്യം - ട്രേഡ് ഡിസ്കൗണ്ട് ലഭ്യമായില്ല | 1-11 |
| 13 | കുത്തിയതോട് പഞ്ചായത്ത് വാർഡ്-9 രാമനേഴത്ത് പ്രദേശത്ത് സ്ലാബിട്ട് കാന നിർമ്മാണം - ഫുട്ട്പാത്ത് കോൺക്രീറ്റിംഗിന് അധികനിരക്ക് അനുവദിച്ചു | 1-12 |
| 14 | യഥാസമയം കരാറിൽ എർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല | 1-13 |
| 15 | പട്ടണക്കാട് പഞ്ചായത്ത് വാർഡ് 12 മേനാശ്ശേരി - പറപ്പള്ളി റോഡ് ടാറിംഗ് - നിർവ്വഹണത്തിലെ അപാകതകൾ | 1-14 |
| 16 | കാലിവീപ്പയുടെ വില തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-15 |
| 17 | പാലിയേറ്റീവ് കെയർ - അപാകതകൾ | 1-16 |
| 18 | താലൂക്ക് ആശുപത്രി തുറവൂർ-ഡയാലിസിസ് യൂണിറ്റിലേക്ക് മരുന്ന്, കൺസ്യൂമബിൾസ്, മറ്റ് വസ്തുക്കൾ വാങ്ങൽ- മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-17 |
| 19 | താലൂക്ക് ഹോസ്പിറ്റൽ തുറവൂർ-അനിവാര്യ ചെലവുകൾ - അപാകതകൾ | 1-18 |
| 20 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി - തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 21 | ഐ.കെ.എം.ന് പ്രവർത്തനഫണ്ട് ലഭ്യമാക്കൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-20 |
| 22 | പത്താംതരം പന്ത്രണ്ടാംതരം തുല്യതാ പരീക്ഷ - അപാകതകൾ | 1-21 |

| | | |
|---|---|---|
| 23 | പി.എം.എ.വൈ(ജി)ഭവന പദ്ധതി - പ്രവൃത്തി പൂർത്തിയാക്കിയില്ല | 1-22 |
| 24 | ഇ ടെൻഡർ ഫീസ് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല | 1-23 |
| 25 | പട്ടണക്കാട് ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് വാഹനസൌകര്യം ഒരുക്കൽ - ലോഗ് ബുക്ക് കൃത്യമായി പരിപാലിച്ചിട്ടില്ല | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | എസ് സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി -വാല്യുവേഷനേക്കാൾ അധികം നല്കിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. | 3-1 |
| 2 | കുത്തിയതോട് പഞ്ചായത്ത് വാർഡ്-9 രാമനേഴത്ത് പ്രദേശത്ത് സ്ലാബിട്ട് കാന നിർമ്മാണം - ഫുട്ട്പാത്ത് കോൺക്രീറ്റിംഗിന് അധികനിരക്ക് അനുവദിച്ചു | 3-2 |
| 3 | ഡ്രൈവർക്ക് റ്റി.എ ഇനത്തിൽ അധികം തുക നല്കി | 3-3 |
| 4 | പത്രപരസ്യം - ട്രേഡ് ഡിസ്കൗണ്ട് ലഭ്യമായില്ല | 3-4 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 20.02.2021 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 691784000 | 687675900 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 72628779 | 72487007 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022 | 05.07.2022 |

### 1-2-1 വാർഷികകണക്കിലെ അപാകതകൾ

വാർഷികകണക്ക് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.പഞ്ചാബ് നാഷണൽ ബാങ്ക് (അക്കൌണ്ട് നം. 7494000100024173) ബാങ്ക് ബുക്ക് പ്രകാരം 31.03.2022 ലെ നീക്കിബാക്കി – 475683/- രൂപയാണ്. ബാങ്ക് പാസ് ബുക്ക് പ്രകാരം 31.03.2022 ലെ നീക്കിബാക്കി – 5796486/- രൂപയാണ്. ബാങ്ക് റീ – കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2.വാടക രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വാടകയുടെ വർഷാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ, ബാലൻസ് ഷീറ്റിൽ നീക്കിബാക്കിയായി തുടരുന്ന തുക (2600/- രൂപ) ഏത് വർഷത്തെ കുടിശിക ആണെന്നും തൊട്ടടുത്തവർഷം തുക വരവ് വന്നിട്ടുണ്ടോ എന്നും പരിശോധിക്കാൻ സാധിച്ചില്ല.

3.വാർഷിക കണക്കിലെ ഷെഡ്യൂളുകൾ പ്രകാരം വിവിധ ഡിപ്പോസിറ്റുകൾ വരവ്, ചെലവ്, നീക്കിബാക്കി എന്നിങ്ങനെ തുകകൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ ഇവ പ്രത്യേകം തരംതിരിച്ച് എഴുതുകയോ സംക്ഷിപ്തം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

4.ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ, വാർഷിക കണക്ക് പ്രകാരമുള്ള ആകെ ചെലവ് തുക- 10826705/- രൂപയാണ്. സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ആകെ ചെലവ് തുക- 10826616/- രൂപയാണ്. വ്യത്യാസം നിലനിൽക്കുന്നു.

5.മറ്റ് ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിൽ, വാർഷിക കണക്ക് പ്രകാരം ആകെ വരവ്- 21,00000/-രൂപയും ചെലവ് തുക - 1910860/- രൂപയുമാണ്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ ചെലവില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2020-21 വർഷത്തെ വാർഷിക കണക്ക് പ്രകാരം ഈ വർഷത്തെ മുൻബാക്കി -90860/-രൂപ, 2021-22 വർഷത്തെ വരവ് തുക 21,00000/- എന്നിങ്ങനെ ആകെ 21,90,860/-രൂപയാണ് വരവ്. ചെലവ് തുക - 1910860/- രൂപ കിഴിച്ച് നീക്കിയിരിപ്പ് തുക – 2,80,000/- രൂപയാണ്. എന്നാൽ, വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ ടി തുക ബാലൻസായി കാണിക്കുന്നില്ല.

6.ഹരിയാലി (IWDP) യിലെ നീക്കിയിരുപ്പ് 37145/-രൂപ 2012-13 സാമ്പത്തിക വർഷം ലഭിച്ച 36,39,585/- രൂപ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ച സമയത്ത് പലിശയിനത്തിൽ ലഭിച്ച തുകയാണ്. ആയതിൽ 26,39,487/- രൂപ ചെലവായതാണ്. 37145/-രൂപ ബാലൻസ് ഷീറ്റിൽ നിലനില്ക്കുന്നു.

7.2020-21 വർഷം മുതലുള്ള ബാലൻസ് ഷീറ്റ് പ്രകാരം, ഗ്രാന്റ്സ്, ഫണ്ട്സ് & കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസസ് -അദർ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് എന്ന അക്കൌണ്ടിൽ 12,873/-രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു.

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/21-22 തീയതി 28.04.23) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വരും വർഷങ്ങളിലെ വാർഷികകണക്ക് കുറ്റമറ്റ രീതിയിൽ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,76,90,665 |
| വരവ് | 9,21,42,873 |
| ആകെ | 12,98,33,538 |

| | |
|---|---|
| ചെലവ് | 8,75,20,350 |
| നീക്കിയിരിപ്പ് | 4,23,13,188 |

## 1-4 ഫണ്ട് വിനിയോഗം(എസിആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 0 | 2,85,41,497 | 28541497 | 2,62,83,889 | 22,57,608 |
| എസ്.സി. പി | 0 | 1,89,65,800 | 1,89,65,800 | 1,67,92,955 | 21,72,845 |
| ടി.എസ്.പി | 0 | 2,95,700 | 2,95,700 | 2,25,000 | 70,700 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 1,00,72,288 | 1,00,72,288 | 80,59,790 | 20,12,498 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 1,20,46,798 | 1,20,46,798 | 48,49,639 | 34,51,313(ബാങ്ക്)<br>37,45,846(ട്രഷറി) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ – ടൈഡ്) | 0 | 80,82,735 | 80,82,735 | 59,77,066 | 22,10,288(ബാങ്ക്-പലിശ ഉൾപ്പെടെ)<br>4,000 (ട്രഷറി) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 93 | 9,93,37,983 | 68 | 6,47,01,139 | 3 | 22 | 73.11% |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-04-23 തീയതിയിൽ 3.00 Pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, ടി ദിവസം ക്യാഷ് വരവില്ല എന്ന് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
2. ബ്ലോക്ക് പഞ്ചായത്തിൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ കൃത്യമായി ഉൾപ്പെടുത്തുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
3. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല.
4. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5. ഗ്രാമ പഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതമില്ലാതെ ബ്ലോക്ക് പഞ്ചായത്ത് പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നു.

അപാകതകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 എസ് സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി -വാല്യുവേഷനേക്കാൾ അധികം നല്കിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു

പ്രോജക്റ്റ് നം. - S0083/22

അടങ്കൽ തുക – 13,50,000/-

ചെലവ് തുക – 11,28,843/-

എസ്.സി.ഡി.ഒ നിർവഹണം നടത്തിയ എസ്.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്റ്റ് പ്രകാരം ആനുകൂല്യം കൈപ്പറ്റിയ അക്ഷയ് തമ്പി, S/o ബൈജു മോൾ, വെട്ടിയകാട് പുതുവൽ നികർത്ത്, അന്ധകാരനഴി.പി.ഒ, പട്ടണക്കാട് എന്നയാളുടെ അപേക്ഷ/ഫയൽ പരിശോധിച്ചതിൽ, ടിയാൾ താഴെ ചേർക്കും പ്രകാരം തുക കൈപ്പറ്റിയിട്ടുണ്ട്.

| തുക കൈപ്പറ്റിയ തീയതി | തുക |
|---|---|
| 17.02.2021 | 50,000 |
| 26.08.2021 | 50,000 |
| 08.09.2021 | 50,000 |
| 14.09.2021 | 50,000 |

അസിസ്റ്റന്റ് എഞ്ചിനീയർ, എൽ എസ് ജി ഡി സെക്ഷൻ, തുറവൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും 1,00,000/- രൂപയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ചലാൻ നം. KL020361908202122 M തീയതി - 31.12.2021 പ്രകാരം 50,000/- രൂപ സർക്കാരിലേയ്ക്ക് തിരിച്ചടച്ചതിന്റെ രേഖയും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. കൈപ്പറ്റിയ തുകയിൽ (2 ലക്ഷം രൂപ) 50,000/-രൂപ തിരിച്ചടച്ചതിന്റേയും 1 ലക്ഷം രൂപയുടെ വാല്യുവേഷന്റേയും രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ബാക്കി 50,000/-രൂപ ടിയാളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. 2 ലക്ഷം രൂപയുടെ വാല്യുവേഷൻ ലഭ്യമാക്കാതെ മുഴുവൻ തുകയും ഗുണഭോക്താവിന്റെ അക്കൌണ്ടിലേയ്ക്ക് നല്കിയ നടപടി ക്രമ വിരുദ്ധമാണ്.

കൂടാതെ, മേൽ പ്രോജക്റ്റ് പ്രകാരം, 2021-22 വർഷം ആനുകൂല്യം കൈപ്പറ്റിയ ശിൽപ്പ ഷാജി, D/o കെ. കെ ഷാജി, കണ്ണാട്ടുതറ, എരമല്ലൂർ പി.ഒ, ചേർത്തല (ബിൽ നം., തീയതി- BR No. 21060563009500443048/27.09.2021,

തുക – 75,000/-) എന്നയാളുടെ അപേക്ഷയോടൊപ്പമുള്ള രേഖകൾ പരിശോധിച്ചതിൽ പണി പൂർത്തീകരിച്ചതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/27.04.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, അധികം കൈപ്പറ്റിയ 50,000/-രൂപ ഓഡിറ്റിൽ നിരാകരിക്കുകയും പൂർത്തീകരണ/വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ, 75,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

## 1-9 ഡ്രൈവർക്ക് റ്റി.എ ഇനത്തിൽ അധികം തുക നല്കി

2021-22 വർഷത്തെ വൌച്ചർ പരിശോധിച്ചതിൽ, ശ്രീ. ഷീൻ സി. വി, ഡ്രൈവർക്ക് 01/2021 മുതൽ 04/2021 വരെയുള്ള കാലയളവിലെ റ്റി.എ ഇനത്തിൽ വൌച്ചർ നം.22100075/10.06.2021 പ്രകാരം 5520/-രൂപ നല്കിയിട്ടുണ്ട്. വൌച്ചർ നം. 22100192/05.08.2021 പ്രകാരം 04/2021 മുതൽ 07/2021 വരെയുള്ള കാലയളവിലെ റ്റി. എ ഇനത്തിൽ 5520/-രൂപ നല്കിയിട്ടുണ്ട്. 04/2021-ലെ തുക രണ്ട് പ്രാവശ്യം നല്കിയതായി കാണുന്നു. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/27.04.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, ഡ്രൈവർക്ക് അധികം നല്കിയ തുക 1380/- രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-10 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -പ്രവൃത്തി പൂർത്തീകരിച്ചില്ല

കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തിക്കായി മുൻവർഷം കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക, വില വർദ്ധനയെത്തുടർന്ന് മതിയാകാതെ വന്ന സാഹചര്യത്തിൽ സ്ഥാപനം ആവശ്യപ്പെട്ട അധിക തുക നൽകുന്നതിനായി 2021-22 വർഷം രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

I)പ്രോജക്റ്റ് നം. - S0090/22

പ്രോജക്റ്റിന്റെപേര് - കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

ധനകാര്യകമ്മീഷൻ അവാർഡ് - 170000/-

ചെലവ്

ബിൽ നം.45/21-22/21.11.21 തുക.170000/-

എഴുപുന്ന, കോടംതുരുത്ത്, പട്ടണക്കാട് പഞ്ചായത്തുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തിക്കായി, 720000/-രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നതാണ്. എന്നാൽ പൈപ്പിന്റെ വിലയിൽ ഉണ്ടായ വർദ്ധനവ് കാരണം എസ്റ്റിമേറ്റ് തുക 890000/- രൂപയായി വർദ്ധിച്ചതിനാൽ ബാലൻസ് തുകയായ 170000/-രൂപ കൂടി അടവാക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, 10.08.21 തീയതിയിലെ ഡി1/9839/2021 നം.കത്ത് മുഖേന ആവശ്യപ്പെട്ടു. പ്രവൃത്തി നടപ്പാക്കുന്നതിനായി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പബ്ളിക് ഹെൽത്ത് ഡിവിഷൻ, ആലപ്പുഴയുടെ എസ്.ബി.ഐ, എ.ഡി.ബി.ബ്രാഞ്ചിന്റെ 10449288175 നം.അക്കൗണ്ടിലേക്ക് 170000/-രൂപ നൽകി.

II) പ്രോജക്റ്റ് നം. - S0114/22

പ്രോജക്റ്റിന്റെപേര് - കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

ധനകാര്യകമ്മീഷൻ അവാർഡ് - 110000/-

ചെലവ്

വൗച്ചർ നം.XVFC/2021-22/P/2 തീയതി.07.02.22 തുക.110000/-

എഴുപുന്ന, കോടംതുരുത്ത്, പട്ടണക്കാട് പഞ്ചായത്തുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തിക്കായി, DSOR-2018 പുനക്രമീകരിച്ചപ്പോൾ എസ്റ്റിമേറ്റ് തുക 1000000/-രൂപയായി വർദ്ധിച്ചതായും ബാലൻസ് തുക അടവാക്കണമെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, 26.11.21 തീയതിയിലെ ഡി1/9839/2021 നം.കത്ത് മുഖേന ആവശ്യപ്പെട്ടു. പ്രവൃത്തി നടപ്പാക്കുന്നതിനായി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പബ്ളിക് ഹെൽത്ത് ഡിവിഷൻ,ആലപ്പുഴയുടെ എസ്.ബി.ഐ, എ.ഡി.ബി.ബ്രാഞ്ചിന്റെ 10449288175 നം.അക്കൗണ്ടിലേക്ക് 110000/-രൂപ നൽകി. 19.03.2022 തീയതിയിൽ BC 2766/21 നം.കരാർ ഉടമ്പടി വ്യവസ്ഥ നം.5 പ്രകാരം, തുക കൈപ്പറ്റി 6 മാസത്തിനകം പണി ആരംഭിച്ച് പൂർത്തിയാക്കുന്നതാണ് എന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2) തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3) മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.9/തീയതി.27.04.23) പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രത്തിനായി 11.04.22 തീയതിയിൽ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നു. ആയതിന് ഫൈനൽ ബില്ലുകൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രവും, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രവും നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക നിക്ഷേപിക്കുമ്പോൾ വാട്ടർ അതോറിറ്റിയുമായി ഏർപ്പെടുന്ന കരാറിൽ പൂർത്തീകരണ കാലാവധി കൃത്യമായി ചേർക്കേണ്ടതും ഈ കാലയളവിലുള്ള സാധനങ്ങളുടെ വിലവർദ്ധന മാത്രം നൽകുവാനും ശ്രദ്ധിക്കേണ്ടതാണ്. കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്ക് ശേഷമുള്ള വിലവർദ്ധന ബ്ലോക്ക് പഞ്ചായത്തിന്റെ ബാധ്യതയാകുന്നതല്ല. പ്രവൃത്തി നാളിതുവരെ പൂർത്തിയാക്കാത്തതിനാൽ ചെലവ് തുക 280000/-(170000+110000) തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരണ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-11 പത്രപരസ്യം - ട്രേഡ് ഡിസ്കൗണ്ട് ലഭ്യമായില്ല

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ട്രേഡ് ഡിസ്കൗണ്ട് അനുവദിക്കണം. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ചു കൊണ്ടുള്ള 08.12.2015-ലെ ജി.ഒ(പി)നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിലും സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷം, വികസനഫണ്ടിൽ നിന്നും 150000/-രൂപ വകയിരുത്തി സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രോജക്റ്റ് ആണ് പദ്ധതി ആസൂത്രണം നിർവ്വഹണം (പ്രോജക്റ്റ് നം.S0018/22).149248/-രൂപ ചെലവഴിച്ച പ്രോജക്റ്റിൽ

അപാകതയുള്ളതിന്റെ വിവരം താഴെ ചേർക്കുന്നു.

ബിൽ നം.71/21-22 തീയതി.21.03.22 തുക.21688/-

മേൽ ബില്ല് പ്രകാരമുള്ള 21688/-രൂപയിൽ 5670/-രൂപ കേരള കൗമുദി ദിനപ്പത്രത്തിന് നൽകി. എന്നാൽ പത്രസ്ഥാപനം നല്കിയ ബില്ലിൽ, പരസ്യ ചാർജിനത്തിൽ ട്രേഡ് ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പത്രസ്ഥാപനം | സ്ഥാപനത്തിൽ നിന്നുള്ള ബിൽ നം./തീയതി | ബിൽ തുക (SGST,CGST ഒഴികെ) | അർഹമായ ഡിസ്കൗണ്ട് (15%) |
|---|---|---|---|
| കേരളകൗമുദി | ALP06073443/ 13.11.21 | 5400 | 810 |
| ആകെ | | | 810/-രൂപ |

അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം 810/-രൂപയുടെ അധികചെലവ് ഉണ്ടായിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 10/27.04.23) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-12 കുത്തിയതോട് പഞ്ചായത്ത് വാർഡ്-9 രാമനേഴത്ത് പ്രദേശത്ത് സ്ലാബിട്ട് കാന നിർമ്മാണം - ഫുട്ട്പാത്ത് കോൺക്രീറ്റിംഗിന് അധികനിരക്ക് അനുവദിച്ചു

കുത്തിയതോട് പഞ്ചായത്ത് വാർഡ്-9 രാമനേഴത്ത് പ്രദേശത്ത് സ്ലാബിട്ട് കാന നിർമ്മാണം എന്ന പ്രോജക്ടിൽ നിലവിലുള്ള കാനയുമായി ബന്ധിപ്പിച്ച് 30 M നീളത്തിൽ കാന നിർമ്മിക്കുന്നതിനും നിലവിലുള്ള 35 M നീളത്തിലുള്ള കാനയുടെ മുകളിൽ സ്ലാബ് ഇടുന്നതിനും പൊട്ടിപ്പൊളിഞ്ഞുകിടക്കുന്ന 117 M നടപ്പാത 2 M വീതിയിൽ കോൺക്രീറ്റ് ചെയ്യുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പ്രവൃത്തിക്കായി ടെൻഡർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. ജയരാജ് ജെ, ആനന്ദഭവൻ, തുറവൂർ പി.ഒ എന്ന വ്യക്തിയുടെ എസ്റ്റിമേറ്റ് നിരക്കിലുള്ള ടെൻഡർ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തിയിൽ അപ്പൻഡിക്സ്2 ഇനം.1 ഫുട്ട്പാത്ത് കോൺക്രീറ്റിംഗിന് (11.4.3.1 - Providing Concrete For Plain/reinforced Concrete In Open Foundations Complete As Per Drawings And Technical Specifications Clause 802,803,1202 &1203 PCC Grade M20 Nominal Mix 1:2:4) അനുവദിച്ച നിരക്ക് 8566.68/$m^3$ ആണ്. എന്നാൽ ഇതേ ഇനം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിക്കായി PRICE സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒബ്സർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്ക് 8263.74/$m^3$ ആണ്. അളവുപുസ്തകം നം. 1/21-22 പ്രകാരം പ്രസ്തുത ഇനം 23.4 $M^3$ ചെയ്തതിന് 8566.68/$m^3$ നിരക്കിൽ 200460.31 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. ഒബ്സർവ്ഡ് ഡാറ്റ നിരക്ക് (Od799775/2020) 8263.74/$m^3$ പ്രകാരം 23.4 $M^3$ ന് 193371.52 രൂപ അനുവദിച്ചാൽ മതിയാകും. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/27.04.2023) മറുപടി ലഭ്യമാക്കിയില്ല. അധികം ചെലവഴിച്ച 7089/- രൂപ കരാറുകാരനിൽനിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

<u>ചെലവ്</u>

442611/- ബിൽ നം. 10/10.12.2021

## 1-13 യഥാസമയം കരാറിൽ എർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ റിവൈസ്ഡ് എഡിഷൻ 2012- (Revised As Per G.O.(P)No.13/2012/PWD Dated 01.02.2012) സെക്ഷൻ 2009.6 പ്രകാരം പ്രവൃത്തി നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ട കരാറുകാർ സെലക്ഷൻ നോട്ടീസിൽ നിഷ്കർഷിച്ചിരിക്കുന്ന സമയ പരിധിക്കുള്ളിൽ കരാറിലേർപ്പെട്ടില്ലെങ്കിൽ ശേഷം വരുന്ന 10 ദിവസം കരാറുകാരനിൽ നിന്നും കോൺട്രാക്ട് തുകയുടെ 1% ഫൈൻ വാങ്ങിക്കൊണ്ട് കരാർ വയ്ക്കാവുന്നതാണ്. പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളുടെ കരാറുകാർ കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം വരുത്തിയിട്ടും കോൺട്രാക്ട് തുകയുടെ 1% പിഴ ഈടാക്കിയതായി കാണുന്നില്ല. ഫൈൻ ഈടാക്കാതിരുന്നതു മൂലം ബ്ലോക്ക് പഞ്ചായത്തിന് 2334/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 1.പ്രോജക്ട് നം. | : S0076/22 |
| പ്രോജക്ടിന്റെ പേര് | : വെട്ടയ്ക്കൽ ഫാമിലി ഹെൽത്ത് |

| | | |
|---|---|---|
| | | സെന്ററിൽ പുതിയ വാട്ടർ ടാങ്ക് പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | കെ ഭാർഗ്ഗവൻ, ഉത്തമൻതറയിൽ, കടക്കരപ്പള്ളി |
| എഗ്രീഡ് പി.എ.സി | : | 89218/-രൂപ |
| ചെലവ് | | 57726 രൂപ (ജി.എസ്.റ്റി ഉൾപ്പെടെ) (ട്രഷറി ബിൽ നം.18/27.03.2022) |
| സെലക്ഷൻ നോട്ടീസ് നം./തീ | | നം.പി.കെ.ഡി-4/20-21 തീയതി 15.02.2021 |
| നോട്ടീസ് കൈപ്പറ്റിയ തീയതി | | കൈപ്പറ്റിയ തീയതി രേഖപ്പെടുത്തിയിട്ടില്ല. |
| സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ എഗ്രിമെന്റിൽ ഏർപ്പെടേണ്ട അവസാന തീയതി. | | 23.02.2021 |
| എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി (എഗ്രിമെന്റ് നം.) | : | 26.02.2021 (18/AE/LID&EW/2020-21 തീയതി 26.02.2021) |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | 89218x1% =1000/- രൂപ (മിനിമം) |

| | | |
|---|---|---|
| 2.പ്രോജക്ട് നം. | : | S0077/22 |
| പ്രോജക്ടിന്റെ പേര് | : | കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് വാർഡ് 7 തൈക്കൂടം മുരിക്കിങ്കൽ റോഡ് ഫോർമേഷൻ |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ. പി.എസ്. സുനിൽകുമാർ, ശാരദനിലയം, അന്ധകാരനഴി പി.ഒ |
| എഗ്രീഡ് പി.എ.സി | : | 133419.83/- രൂപ |
| ചെലവ് | | 146005/- രൂപ (ജി.എസ്.റ്റി ഉൾപ്പെടെ) ബിൽ നം. 15/22.02.2022 |
| സെലക്ഷൻ നോട്ടീസ് നം./തീയതി | | നം.പി.കെ.ഡി-3/20-21 തീ.15.02.2021 |
| നോട്ടീസ് കൈപ്പറ്റിയ തീയതി | | കൈപ്പറ്റിയ തീയതി രേഖപ്പെടുത്തിയിട്ടില്ല. |
| സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ എഗ്രിമെന്റിൽ ഏർപ്പെടേണ്ട അവസാന തീയതി | | 23.02.2021 |
| എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി (എഗ്രിമെന്റ് നം.) | : | 26.02.2021(17/AE/LID&EW/2020-21 തീയതി 26.02.2021) |

| | |
|---|---|
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : 133419.83x1% =1334/- രൂപ |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4 തീയതി 26.04.2023) കരാറുകാരിൽനിന്ന് ഫൈൻ ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ടി തുക കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 പട്ടണക്കാട് പഞ്ചായത്ത് വാർഡ് 12 മേനാശ്ശേരി - പറപ്പള്ളി റോഡ് ടാറിംഗ് - നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം നിലവിൽ 3.50 മീറ്റർ വീതിയുള്ള പൊട്ടിപ്പൊളിഞ്ഞ റോഡ് പൊളിച്ച 30 സെ.മീ വീതി കൂട്ടി രണ്ടുസ്ഥലങ്ങളിലായി 120 മീറ്റർ നീളത്തിൽ 3.80 മീറ്റർ വീതിയിൽ ടാറിംഗ് പ്രവൃത്തി നടത്തുന്നതിനാണ് 544500/- രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കിയത്. ടെൻഡർ ക്ഷണിച്ച് (ടെൻഡർ തുക 446273/- രൂപ) കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ (485842.97 രൂപ) ശ്രീ. പി.എസ്. സുനിൽകുമാർ, ശാരദാനിലയം, അന്ധകാരനഴി എന്ന വ്യക്തിയുമായി കരാറിൽ ഏർപ്പെടുകയും (നം.10/AE/ LID&EW/PKD/2021-22 തീയതി. 05.01.2022) അതേ തീയതിയിൽ തന്നെ സൈറ്റ് കൈമാറുകയും ചെയ്തു. പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) പട്ടണക്കാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഈ റോഡിന്റെ നിർമ്മാണം ഗ്രാമ പഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതമില്ലാതെ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തു.

ജി.ഒ.(എം.എസ്) നം. 11/2018/LSGD തീയതി. 29.01.2018 പ്രകാരം ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ ഗ്രാമ പഞ്ചായത്ത് റോഡ് പ്രവൃത്തി ഏറ്റെടുക്കുമ്പോൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതം ആവശ്യമാണ്. എന്നാൽ പട്ടണക്കാട് ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതം ലഭിച്ചതായി കാണുന്നില്ല.

2) ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ തമ്മിൽ പരസ്പര ധാരണയില്ലാതെ പ്രോജക്ടുകൾ ഏറ്റെടുത്തു നടപ്പാക്കുന്നു.

പ്രവൃത്തിക്കായി നിർദ്ദേശിച്ച റോഡിന്റെ കുറച്ചുഭാഗം RKI സ്കീമിൽ ഉൾപ്പെടുത്തി പട്ടണക്കാട് ഗ്രാമപഞ്ചായത്ത് ടാറിംഗ് നടത്തിയതിനാൽ ബാക്കിയുള്ള 71 മീറ്റർ നീളത്തിൽ ടാറിംഗ് നടത്തുന്നതിനും കൂടാതെ റോഡിന്റെ ഇരുവശങ്ങളിലും 305 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ചെയ്യുന്നതിനും വേണ്ടി ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 04.02.2022- ലെ 1(3) നമ്പർ തീരുമാനപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. എന്നാൽ 2021-22 വർഷം ജില്ലാപഞ്ചായത്ത് ഫണ്ട്, RKI ഫണ്ട്, CMLRRP ഫണ്ട് എന്നിവ വിനിയോഗിച്ച് മേനാശ്ശേരി - പറപ്പള്ളി റോഡ് നിർമ്മാണപ്രവൃത്തികൾ ഈതേ കരാറുകാരൻ തന്നെ നടത്തിയിട്ടുണ്ട്. എല്ലാ പ്രവൃത്തികളിലും സൈഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളും നടത്തിയിട്ടുണ്ട്. എന്നാൽ മറ്റു ഫണ്ടുകൾ വിനിയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ ഭാഗമായി സൈഡ് കോൺക്രീറ്റിംഗ് നടത്തുന്നതിനാൽ ബ്ലോക്ക് പഞ്ചായത്ത് 305 M ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. ഓരോ പ്രോജക്ടിലും ഏതൊക്കെ വർക്കുകളിൽ എത്ര മീറ്റർ വീതം റോഡ് പ്രവൃത്തി നടത്തിയെന്നോ എത്ര മീറ്റർ സൈഡ് കോൺക്രീറ്റിംഗ് നടത്തിയെന്നോ ബാക്കി എത്ര മീറ്റർ സൈഡ് കോൺക്രീറ്റിംഗ് ഈ പ്രവൃത്തിയിൽ ചെയ്യണമെന്നോ ഉള്ള വിശദമായ കണക്കുകൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്താതെ 71 M റോഡ് ടാറിംഗ് നടത്തിയപ്പോൾ 305 M സൈഡ് കോൺക്രീറ്റിംഗ് ഉൾപ്പെടുത്തിയത് ശരിയല്ല.

3) പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിൽ 2021-22 വാർഷിക പദ്ധതിയുടെ ഭാഗമായി 02.02.2021-ൽ കൂടിയ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിൽ മേനാശ്ശേരി - പറപ്പള്ളി റോഡ് ടാറിംഗ് സംബന്ധിച്ച ചർച്ചകളോ നിർദ്ദേശങ്ങളോ ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ മറ്റ് ഫണ്ടുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾ ഭാഗികമായി ഏറ്റെടുത്ത നടപടി ക്രമപ്രകാരമല്ല.

4) റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

ഒരേ സമയം വിവിധ ഫണ്ടുകൾ വിനിയോഗിച്ച് ഒരേ പേരിൽ നാല് പ്രവൃത്തികൾ ഒരേ കരാറുകാരൻ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഈ പ്രവൃത്തി മറ്റു പ്രോജക്ടുകളിൽപ്പെടുത്തി നടപ്പാക്കിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താൻ കഴിയാത്ത സാഹചര്യത്തിൽ ആയത് അന്വേഷണവിധേയമാക്കി നാല് പ്രവൃത്തികളുടേയും ഫയലുകളും അളവുപുസ്തകങ്ങളും

പരിശോധിച്ച് ഓരോ പ്രോജക്ടിലും ഉൾപ്പെടുത്തി നടപ്പാക്കിയ പ്രവൃത്തികൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നിലവിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകേണ്ടതാണ്.

(മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/28.04.2023) മറുപടി നൽകിയിട്ടില്ല.)

ചെലവ്

പ്രവൃത്തിയുടെ ആകെ മൂല്യം - 518239/-

വൌച്ചർ നം. XVFC/2021-22/P33 തീയതി. 24.03.2022 (Sanction No. 426/23.03.2022)

അളവ് പുസ്തകം - 14/21-22

## 1-15 കാലിവീപ്പയുടെ വില തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

2021-22 വർഷം വികസനഫണ്ട് എസ് സി പി വിനിയോഗിച്ച് നടപ്പിലാക്കിയ അരൂർ പഞ്ചായത്ത് വാർഡ് 14 കെൽട്രോൺ ആഞ്ഞിലിക്കാട് റോഡ് റീ ടാറിംഗ് (പ്രോജക്ട് നം.S0074/22) എന്ന മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില ജി.എസ്.റ്റി ഉൾപ്പെടെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള 799013000000105 എന്ന ട്രഷറി അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ ഒടുക്കണമെന്ന് ജി.ഒ.(പി)177/06 ധനം12-04-06 ഖണ്ഡിക 10.3 ൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തിക്കായി വിനിയോഗിച്ച ടാറിന്റെ അളവിന് ആനുപാതികമായി 26 ബാരലുകളുടെ വിലയായ 7306/- രൂപ (@ 238+18% GST) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ടാർ വീപ്പയുടെ വില കൺസോളിഡേറ്റഡ് ഫണ്ടിലേക്കും ജി.എസ്.ടി ബന്ധപ്പെട്ട ബന്ധപ്പെട്ട ഹെഡ്ഡിലും ഒടുക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/27.04.23) തുക ബന്ധപ്പെട്ട ഹെഡിൽ അടവാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ടാർ വീപ്പയുടെ വില കൺസോളിഡേറ്റഡ് ഫണ്ടിലേക്കും ജി.എസ്.ടി ബന്ധപ്പെട്ട ബന്ധപ്പെട്ട ഹെഡ്ഡിലും ഒടുക്കുവരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

പ്രവൃത്തി സംബന്ധിച്ച വിവരങ്ങൾ

അടങ്കൽ : 1000000/-

കരാറുകാരൻ :സാബു. പി.എൽ, പുത്തൻവീട്ടിൽ, അരൂർ
അളവുപുസ്തകം : 3/20-21

പ്രവൃത്തിയുടെ ആകെ മൂല്യം : 996719

ഫൈനൽ ബിൽ : 481267/-(ബിൽ നം. 4/16.09.2021)

## 1-16 പാലിയേറ്റീവ് കെയർ - അപാകതകൾ

പ്രോജക്ട് നം - S0004/22

പ്രോജക്ടിന്റെപേര് - പാലിയേറ്റീവ് കെയർ (സാന്ത്വന പരിചരണം) സെക്കണ്ടറി

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(സി.എച്ച്.സി)

വകയിരുത്തൽ

വികസനഫണ്ട് - 802550/-

പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ

1)പാലിയേറ്റീവ് കെയറിന്റെ ഡി.പി.സി.അംഗീകരിച്ച പ്രോജക്ട് പ്രകാരം, ഓരോ പ്രവർത്തനങ്ങളുടെയും ചെലവിനങ്ങൾക്കായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ചെലവിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | Purchase Of Palliative Equipments | 100000 | 339046 |
| 2 | Purchase Of Consumables | 140000 | |
| 3 | Purchase Of Medicines | 80000 | 213245 |
| 4 | Purchase Of Morphine | 6000 | |

| | | | |
|---|---|---|---|
| 5 | Organize Monthly Palliative Patients Together | 50000 | 2770 |
| 6 | Emergency Ambulance Services | 6000 | 2400 |
| 7 | Vehicle Rent | 250000 | 206400 |
| 8 | Refreshment Charges For Palliative Team | 60000 | 30310 |
| 9 | Miscellaneous Expences | 110550 | 5709 |
| | ആകെ | 802550 | 799880 |

പാലിയേറ്റീവ് ഉപകരണങ്ങൾ വാങ്ങുന്നതിനായി 100000/-രൂപയാണ് പ്രോജക്ടിൽ വകയിരുത്തിയിട്ടുള്ളത്. എന്നാൽ 339046/-രൂപയ്ക്ക് ഉപകരണങ്ങൾ വാങ്ങിയത് മൂലം 239046/- രൂപ അധികം ചെലവഴിച്ചു. മറ്റിനങ്ങൾക്കായി വകയിരുത്തിയ തുകയിൽ നിന്നുമാണ് ഇപ്രകാരമുള്ള അധികചെലവ് ചെയ്തത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.1/26.4.23), പാലിയേറ്റീവ് രോഗികൾ കൂടുതൽ ഉള്ളതിനാൽ ഉപകരണങ്ങൾ അധികമായി ആവശ്യമായി വന്നതിനാലാണ് മറ്റിനങ്ങൾക്ക് അനുവദിച്ച തുക ഉപയോഗിക്കേണ്ടി വന്നതെന്ന് മറുപടി നൽകി. എന്നാൽ പ്രസ്തുത ആവശ്യം ചൂണ്ടിക്കാണിച്ച് മെഡിക്കൽ ഓഫീസർ പഞ്ചായത്തിന് അപേക്ഷ നൽകിയിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമാക്കി, പ്രോജക്ട് റിവൈസ് ചെയ്ത് ഡി.പി.സി.അംഗീകാരം ലഭ്യമാക്കി, പ്രോജക്ടിലെ വകയിരുത്തലുകൾ പ്രകാരം മാത്രം തുക ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 താലൂക്ക് ആശുപത്രി ഉറവൂർ-ഡയാലിസിസ് യൂണിറ്റിലേക്ക് മരുന്ന്, കൺസ്യൂമബിൾസ്, മറ്റ് വസ്തുക്കൾ വാങ്ങൽ- മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്ട് നം. - S 0016/22

പ്രോജക്ടിന്റെ പേര് - താലൂക്ക് ആശുപത്രി ഉറവൂർ-ഡയാലിസിസ് യൂണിറ്റിലേക്ക് മരുന്ന്, കൺസ്യൂമബിൾസ്, മറ്റ് വസ്തുക്കൾ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(സി.എച്ച്.സി)

വകയിരുത്തൽ

മെയിന്റനൻസ് ഫണ്ട് (റോഡിതരം) - 2500000/-

മേൽ പ്രോജക്ടിൽ നിന്നും 2499610/-രൂപ ചെലവഴിച്ചിട്ടുണ്ട്. അപാകതയുള്ള ചെലവിന്റെ വിവരം ചുവടെ കൊടുക്കുന്നു.

ബിൽ നം.29/21-22/17.9.21 തുക.428749/-

PRF 1895/01.09.21 നം. പ്രൊഫോർമ ഇൻവോയ്സ് പ്രകാരം, 16 ഇനം മരുന്നുകൾ വാങ്ങുന്നതിനായി 428749/--രൂപ KMSCL ന്റെ 3624001800000019 നം.അക്കൗണ്ടിൽ നൽകി. എന്നാൽ KMCSL നിന്നും ലഭ്യമായ മരുന്നുകളുടെ ഇൻവോയ്സ് വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./തീയതി | എത്ര ഇനം മരുന്നുകൾ | തുക |
|---|---|---|---|
| 1 | 8171/31.10.21 | 5 | 63749 |
| 2 | 11845/27.01.22 | 2 | 26509 |
| 3 | 12492/7.2.22 | 3 | 70705 |
| 4 | 15375/31.03.22 | 1 | 53479 |
| 5 | 1126/25.04.22 | 1 | 20599 |
| 6 | 5015/25.06.22 | 3 | 13734 |
| 7 | 10880/13.09.22 | 1 | 91905 |
| 8 | 11151/16.09.22 | 1 | 18817 |
| 9 | 21859/02.01.23 | 1 | 4952 |
| TOTAL | | | 364449 |

64300/-രൂപയുടെ (428749-364449) മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/26.04.23) മരുന്നുകൾ ഉടൻ വിതരണം ചെയ്യാമെന്ന് കേരള മെഡിക്കൽ സർവ്വീസ്

കോർപ്പറേഷൻ അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കുന്നതുവരെ 64300/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 താലൂക്ക് ഹോസ്പിറ്റൽ തുറവൂർ-അനിവാര്യ ചെലവുകൾ - അപാകതകൾ

പ്രോജക്ട് നം. - S0020/22

പ്രോജക്ടിന്റെ പേര് - താലൂക്ക് ഹോസ്പിറ്റൽ തുറവൂർ-അനിവാര്യ ചെലവുകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(സി.എച്ച്.സി)

വകയിരുത്തൽ

മെയിന്റനൻസ് ഫണ്ട് (റോഡിതരം) - 1330000/-

മേൽ പ്രോജക്ടിൽ നിന്നും 1330000/-രൂപയും ചെലവഴിച്ചിട്ടുണ്ട്.

അപാകതയുള്ള ചെലവിന്റെ വിവരം ചുവടെ കൊടുക്കുന്നു.

I) KL01T 6911 നം.ടാറ്റ സുമോ വാഹനത്തിന്റെ അറ്റകുറ്റപ്പണിയ്ക്കായി 36466/-രൂപ ആഷ ഓട്ടോമൊബൈൽസ്, മണ്ണഞ്ചേരിക്ക് നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ബിൽ നം. | തീയതി | തുക |
|---|---|---|---|
| 1 | 565,567 | 19.01.21 | 23916 |
| 2 | 625 | 04.03.21 | 12550 |
| ആകെ | | | 36466 |

ബിൽ നം.625 ൽ ക്രമ നം.3 പ്രകാരം Number Board Writting And Letter Working Charge 1000/-രൂപ നൽകി.

ബിൽ നം.567 ൽ ക്രമ നം.10 പ്രകാരം Number Board Writting And Letter Working Charge 1500/-രൂപ നൽകി.

ഒരേ പ്രവൃത്തിക്ക് 2 തവണ തുക നൽകി.

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.3/26.04.23), KL01 T 6911 ടാറ്റാ സുമോ വാഹനത്തിന് അറ്റകുറ്റപ്പണികൾ ചെയ്തപ്പോൾ 19.01.21 തീയതിയിൽ ബിൽ നം. 567 പ്രകാരം നമ്പർ ബോർഡ് എഴുതി. എന്നാൽ വാഹനം CF ന് പോകുന്ന സമയത്ത് നമ്പർ പ്ളേറ്റ് ഉരഞ്ഞത് മൂലം നമ്പർ വ്യക്തമായി കാണാൻ കഴിയാത്തതിനാലാണ് 04.03.21 തീയതിയിൽ നമ്പർ വീണ്ടും എഴുതേണ്ടി വന്നത് എന്ന് മറുപടി ലഭ്യമാക്കി. എന്നാൽ ഇത് സംബന്ധിച്ച് ഡ്രൈവറുടെ അപേക്ഷയോ ആയത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനമോ ഫയലിൽ ഇല്ല. വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ മാത്രം തുക ചെലവഴിക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-19 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി - തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

എസ്.സി.ഡി.ഒ നിർവഹണം നടത്തിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്റ്റ് ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

പ്രോജക്റ്റ് നം. - S0030/22

അടങ്കൽ തുക – 32,00,000/-

ചെലവ് തുക – 20,75,000/-

മേൽ പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ, 2021-22 വർഷം ആനുകൂല്യം കൈപ്പറ്റിയ വ്യക്തികളുടെ അപേക്ഷയോടൊപ്പമുള്ള രേഖകളിൽ, താഴെ രേഖപ്പെടുത്തിയിരിക്കുന്നവർ പണി പൂർത്തീകരിച്ചതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

| അപേക്ഷകന്റെ പേര്, മേൽ വിലാസം | ബിൽ നം., തീയതി, തുക |
|---|---|
| അനഘ ഹരിദാസ്, D/o ഹരിദാസ് കെ. കെ, കൈതതറ, പട്ടണക്കാട് പി ഒ, ചേർത്തല | 2106056300950073 5313/ 2.12.2021, 50,000/- |
| നിത്യ പ്രകാശൻ, D/o പ്രകാശൻ, പുളിമുട്ട് വെളി, പട്ടണക്കാട് പി ഒ, | 210605630095012 16923/ 26.02.2022, |

| | |
|---|---|
| ചേർത്തല | 50,000/- |
| അനശ്രേയ അജേഷ്, D/o അജേഷ്, താര നിവാസ് പട്ടണക്കാട് | 21060563009501317745/ 14.03.2022,<br>തുക – 50,000/- |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/28.04.2023) മറുപടി ലഭ്യമാക്കിയില്ല. പൂർത്തീകരണ/വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ, 1,50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 ഐ.കെ.എം.ന് പ്രവർത്തനഫണ്ട് ലഭ്യമാക്കൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം. - S0017/22

പ്രോജക്ടിന്റെ പേര് - ഐ.കെ.എം.ന് പ്രവർത്തനഫണ്ട് ലഭ്യമാക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

വികസനഫണ്ട് - 55677/-

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷന്റെ എസ്.ബി.ഐ, നന്ദൻകോടുള്ള 57047023512 നം.അക്കൗണ്ടിലേക്ക് 55677/-രൂപ നൽകി (ബിൽ നം.34/21-22/10.09.21 തുക. 55677/-). എന്നാൽ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 12/ 27.04.23) മറുപടി ലഭ്യമാക്കിയില്ല. 55677/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 പത്താംതരം പന്ത്രണ്ടാംതരം തുല്യതാ പരീക്ഷ - അപാകതകൾ

പ്രോജക്ട് നം. - S0021/22

പ്രോജക്ടിന്റെ പേര് - പത്താംതരം പന്ത്രണ്ടാംതരം തുല്യതാ പരീക്ഷ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വികസന ഫണ്ട് - 278000/-

2021-22 സാമ്പത്തിക വർഷം 253000/-രൂപ മേൽ പ്രോജക്ടിൽ നിന്നും പത്താംതരം, പന്ത്രണ്ടാംതരം തുല്യതയ്ക്കായി രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ്, പരീക്ഷാഫീസ് ഇനത്തിൽ കേരള സംസ്ഥാന സാക്ഷരതാമിഷനിൽ തുക അടവാക്കിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | തുല്യതാ വിഭാഗം | പഠിതാക്കളുടെ എണ്ണം | ഫീസ് നിരക്ക് | തുക | ബിൽ നം./തീയതി/തുക |
|---|---|---|---|---|---|
| 1 | പത്താംതരം | 21 | 1850 | 38850 | 43/21-22/21.10.22/ 116350 |
| | ഹയർ സെക്കന്ററി | 31 | 2500 | 77500 | |
| 2 | ഹയർ സെക്കന്ററി | 19 | 2200 | 41800 | 59/21-2/07.02.22/ 41800 |
| 3 | പത്താംതരം | 31 | 1850 | 57350 | 68/21-2/15.03.22/ 94850 |
| | ഹയർ സെക്കന്ററി | 15 | 2500 | 37500 | |

എന്നാൽ പഠിതാക്കളെ രജിസ്റ്റർ ചെയ്തതിന്റെ രേഖ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. അപാകതകൾ ചുവടെ കൊടുക്കുന്നു.

1) പഠിതാക്കൾ ക്ലാസിൽ പങ്കെടുത്തതിന്റെ രേഖകൾ ഇല്ല.

2) പരീക്ഷയിൽ പങ്കെടുത്ത പഠിതാക്കളുടെ വിവരമില്ല.

3) പഠിതാക്കൾക്ക് സർട്ടിഫിക്കറ്റ് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4)കേരള സംസ്ഥാന സാക്ഷരതാമിഷനിൽ നിന്നുള്ള ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.16/28.04.23), കോഴ്സിന് ചേർന്നവരിൽ 80% പേരും ഇപ്പോൾ ഫീസടച്ച് പരീക്ഷയ്ക്ക് തയ്യാറെടുക്കുകയാണെന്ന് മറുപടി ലഭ്യമാക്കി. രേഖകൾ പൂർണ്ണമായും ഹാജരാക്കുന്നത് വരെ 253000/-രൂപയുടെ (116350+41800+94850) ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 പി.എം.എ.വൈ(ജി)ഭവന പദ്ധതി - പ്രവൃത്തി പൂർത്തിയാക്കിയില്ല

പ്രോജക്ട് നം. -S0007/22

പ്രോജക്ടിന്റെ പേര് -പി.എം.എ.വൈ(ജി)ഭവന പദ്ധതി

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസനഫണ്ട് | 3472000 | 3360000 |
| കേന്ദ്രാവിഷ്കൃതഫണ്ട് | 3720000 | 0 |
| ഗ്രാമ പഞ്ചായത്ത് വിഹിതം | 2170000 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 3038000 | 2058000 |
| ആകെ | 12400000 | 5418000 |

2021-22 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണം ചെയ്ത പി.എം.എ.വൈ(ജി)ഭവന പദ്ധതി എന്ന മേൽ പ്രോജക്ടിന്റെ ഫയൽ, ബില്ലുകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ അപാകതകൾ ഉള്ളതിന്റെ വിവരം താഴെ ചേർക്കുന്നു.

1) താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്,മേൽവിലാസം | കൈപ്പറ്റിയ ആകെ തുക | അവസാന ഗഡു കൈപ്പറ്റിയ തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | സുരേഷ് നേർച്ചപ്പറമ്പിൽ കുത്തിയതോട് വാർഡ്-7 | 230000/- | 27.01.22 | ഉത്തരപ്പൊക്കം |
| 2 | ജനറ്റ് ഹെൻട്രി തൈച്ചിറ കോടംതുരുത്ത് വാർഡ്-15 | 160000/- | 04.03.22 | അടിത്തറ കഴിഞ്ഞ് 3 അടി പൊക്കം ഭിത്തി കെട്ടി |

മേൽ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/28.04.23) മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ഇ ടെൻഡർ ഫീസ് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ഇ-ടെണ്ടർ ഫീസ് ക്രെഡിറ്റ് ചെയ്യുന്നതിനായി ആരംഭിച്ച അക്കൗണ്ടിൽ (എസ്.ബി.ഐ അക്കൌണ്ട് നം. 00000038727034411) 09.02.23ൽ 200995/- രൂപ ടെണ്ടർ ഫീസിനത്തിൽ നീക്കിയിരുപ്പുണ്ട്. അക്കൌണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മേൽവിലാസം എൽ.എസ്.ജി.ഡി സബ്ഡിവിഷൻ ചെങ്ങന്നൂർ, പുലിയൂർ എന്ന് തെറ്റായി രേഖപ്പെടുത്തിയതായി കാണുന്നു. മേൽവിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/26.04.2023) അപാകത പരിഹരിക്കുന്നതിന് ബാങ്ക് മാനേജർക്ക് കത്ത് നൽകിയതായും പ്രശ്നം പരിഹരിക്കുന്ന മുറയ്ക്ക് ടെൻഡർ ഫീസ് തുക ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇ-ടെണ്ടർ ഫീസ് ഇനത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുക ബ്ലോക്ക് പഞ്ചായത്ത്

അക്കൌണ്ടിലേക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 പട്ടണക്കാട് ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് വാഹനസൌകര്യം ഒരുക്കൽ - ലോഗ് ബുക്ക് കൃത്യമായി പരിപാലിച്ചിട്ടില്ല

പട്ടണക്കാട് ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് വാഹനസൌകര്യം ഒരുക്കൽ (പ്രോജക്ട് നം. S0035/22) എന്ന പ്രോജക്ടിനായി റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 214440/- രൂപ വകയിരുത്തിയിരുന്നു. ഒരു മാസം 1500 കി. മീ വരെ വാഹനം ഓടുന്നതിന് 24400/- രൂപ രേഖപ്പെടുത്തിയ വർഗ്ഗീസ് വി.എ, വെളിയിൽ വീട്, എരമല്ലൂർ എന്ന വ്യക്തിയുടെ KL32 M 9360 Swift D'zire എന്ന വാഹനം വാടകയ്ക്കെടുത്തു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നുള്ള ദർഘാസ് പരസ്യപ്രകാരം ലോഗ് ബുക്ക് ഓഫീസറുടെ നിയന്ത്രണത്തിൽ സൂക്ഷിക്കേണ്ടതും യാത്ര സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ വാഹനത്തിന്റെ ലോഗ് ബുക്ക് കൃത്യമായി സൂക്ഷിച്ചിട്ടില്ല. ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള പല യാത്രകളിലും വാഹനം ഉപയോഗിച്ച ഓഫീസറുടെ ഒപ്പില്ല. ലോഗ് ബുക്ക് കോളം 14 കൺട്രോളിംഗ് ഓഫീസറുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല. ലോഗ് ബുക്ക് കൃത്യമായി സൂക്ഷിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/27.04.2023) മറുപടി ലഭ്യമാക്കിയില്ല. ലോഗ് ബുക്ക് കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 എസ് സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി -വാല്യുവേഷനേക്കാൾ അധികം നല്കിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

പ്രോജക്ട് നം. - S0083/22

അടങ്കൽ തുക – 13,50,000/-

ചെലവ് തുക – 11,28,843/-

എസ്.സി.ഡി.ഒ നിർവഹണം നടത്തിയ എസ്.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ട് പ്രകാരം ആനുകൂല്യം കൈപ്പറ്റിയ അക്ഷയ് തമ്പി, S/o ബൈജു മോൾ, വെട്ടിയകാട് പുതുവൽ നികർത്ത്, അന്ധകാരനഴി. പി.ഒ, പട്ടണക്കാട് എന്നയാളുടെ അപേക്ഷ/ഫയൽ പരിശോധിച്ചതിൽ, ടിയാൾ താഴെ ചേർക്കും പ്രകാരം തുക കൈപ്പറ്റിയിട്ടുണ്ട്.

| തുക കൈപ്പറ്റിയ തീയതി | തുക |
|---|---|
| 17.02.2021 | 50,000 |
| 26.08.2021 | 50,000 |
| 08.09.2021 | 50,000 |
| 14.09.2021 | 50,000 |

അസിസ്റ്റന്റ് എഞ്ചിനീയർ, എൽ എസ് ജി ഡി സെക്ഷൻ, തുറവൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും 1,00,000/- രൂപയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ചലാൻ നം. KL020361908202122 M തീയതി - 31.12.2021 പ്രകാരം 50,000/- രൂപ സർക്കാരിലേയ്ക്ക് തിരിച്ചടച്ചതിന്റെ രേഖയും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. കൈപ്പറ്റിയ തുകയിൽ (2 ലക്ഷം രൂപ) 50,000/-രൂപ തിരിച്ചടച്ചതിന്റേയും 1 ലക്ഷം രൂപയുടെ വാല്യുവേഷന്റേയും രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ബാക്കി 50,000/-രൂപ ടിയാളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. 2 ലക്ഷം രൂപയുടെ വാല്യുവേഷൻ ലഭ്യമാക്കാതെ മുഴുവൻ തുകയും ഗുണഭോക്താവിന്റെ അക്കൌണ്ടിലേയ്ക്ക് നല്കിയ നടപടി ക്രമ വിരുദ്ധമാണ്.

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/

27.04.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, അധികം കൈപ്പറ്റിയ 50,000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-2 കുത്തിയതോട് പഞ്ചായത്ത് വാർഡ്-9 രാമനേഴത്ത് പ്രദേശത്ത് സ്ലാബിട്ട് കാന നിർമ്മാണം - ഫുട്ട്പാത്ത് കോൺക്രീറ്റിംഗിന് അധികനിരക്ക് അനുവദിച്ചു

കുത്തിയതോട് പഞ്ചായത്ത് വാർഡ്-9 രാമനേഴത്ത് പ്രദേശത്ത് സ്ലാബിട്ട് കാന നിർമ്മാണം എന്ന പ്രോജക്ടിൽ നിലവിലുള്ള കാനയുമായി ബന്ധിപ്പിച്ച് 30 M നീളത്തിൽ കാന നിർമ്മിക്കുന്നതിനും നിലവിലുള്ള 35 M നീളത്തിലുള്ള കാനയുടെ മുകളിൽ സ്ലാബ് ഇടുന്നതിനും പൊട്ടിപ്പൊളിഞ്ഞുകിടക്കുന്ന 117 M നടപ്പാത 2 M വീതിയിൽ കോൺക്രീറ്റ് ചെയ്യുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പ്രവൃത്തിക്കായി ടെൻഡർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. ജയരാജ് ജെ, ആനന്ദഭവൻ, തുറവൂർ പി.ഒ എന്ന വ്യക്തിയുടെ എസ്റ്റിമേറ്റ് നിരക്കിലുള്ള ടെൻഡർ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തിയിൽ അപ്പൻഡിക്സ്2 ഇനം.1 ഫുട്ട്പാത്ത് കോൺക്രീറ്റിംഗിന് ( 11.4.3.1 - Providing Concrete For Plain/reinforced Concrete In Open Foundations Complete As Per Drawings And Technical Specifications Clause 802,803,1202 &1203 PCC Grade M20 Nominal Mix 1:2:4) അനുവദിച്ച നിരക്ക് 8566.68/$m^3$ ആണ്. എന്നാൽ ഇതേ ഇനം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിക്കായി PRICE സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒബ്സർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്ക് 8263.74/$m^3$ ആണ്. അളവുപുസ്തകം നം. 1/21-22 പ്രകാരം പ്രസ്തുത ഇനം 23.4 $M^3$ ചെയ്തതിന് 8566.68/$m^3$ നിരക്കിൽ 200460.31 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. ഒബ്സർവ്ഡ് ഡാറ്റ നിരക്ക് (Od799775/2020) 8263.74/$m^3$ പ്രകാരം 23.4 $M^3$ ന് 193371.52 രൂപ അനുവദിച്ചാൽ മതിയാകും. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/27.04.2023) മറുപടി ലഭ്യമാക്കിയില്ല. അധികം ചെലവഴിച്ച 7089/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

ചെലവ്

442611/- ബിൽ നം. 10/10.12.2021

## 3-3 ഡ്രൈവർക്ക് റ്റി.എ ഇനത്തിൽ അധികം തുക നല്കി

2021-22 വർഷത്തെ വൌച്ചർ പരിശോധിച്ചതിൽ, ശ്രീ. ഷീൻ സി.വി, ഡ്രൈവർക്ക് 01/2021 മുതൽ 04/2021 വരെയുള്ള കാലയളവിലെ റ്റി.എ ഇനത്തിൽ വൌച്ചർ നം.22100075/10.06.2021 പ്രകാരം 5520/-രൂപ നല്കിയിട്ടുണ്ട്. വൌച്ചർ നം. 22100192/05.08.2021 പ്രകാരം 04/2021 മുതൽ 07/2021 വരെയുള്ള കാലയളവിലെ റ്റി. എ ഇനത്തിൽ 5520/-രൂപ നല്കിയിട്ടുണ്ട്. 04/2021-ലെ തുക രണ്ട് പ്രാവശ്യം നല്കിയതായി കാണുന്നു. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/27.04.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, ഡ്രൈവർക്ക് അധികം നല്കിയ തുക 1380/- രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 പത്രപരസ്യം - ട്രേഡ് ഡിസ്കൗണ്ട് ലഭ്യമായില്ല

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ട്രേഡ് ഡിസ്കൗണ്ട് അനുവദിക്കണം. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ചു കൊണ്ടുള്ള 08.12.2015-ലെ ജി.ഒ(പി)നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിലും സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷം, വികസനഫണ്ടിൽ നിന്നും 150000/-രൂപ വകയിരുത്തി സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രോജക്ട് ആണ് പദ്ധതി ആസൂത്രണം നിർവ്വഹണം (പ്രോജക്ട് നം.S0018/22). 149248/-രൂപ ചെലവഴിച്ച പ്രോജക്ടിൽ അപാകതയുള്ളതിന്റെ വിവരം താഴെ ചേർക്കുന്നു.

ബിൽ നം.71/21-22 തീയതി.21.03.22 തുക.21688/-

മേൽ ബില്ല് പ്രകാരമുള്ള 21688/-രൂപയിൽ 5670/-രൂപ കേരളകൗമുദി ദിനപ്പത്രത്തിന് നൽകി. എന്നാൽ പത്രസ്ഥാപനം നല്കിയ ബില്ലിൽ, പരസ്യ ചാർജിനത്തിൽ ട്രേഡ് ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പത്രസ്ഥാപനം | സ്ഥാപനത്തിൽ നിന്നുള്ള ബിൽ നം./തീയതി | ബിൽ തുക (SGST,CGST ഒഴികെ) | അർഹമായ ഡിസ്കൗണ്ട് (15%) |
| --- | --- | --- | --- |

| | | | |
|---|---|---|---|
| കേരളകൗമുദി | ALP06073443/ 13.11.21 | 5400 | 810 |
| ആകെ | | | 810/-രൂപ |

അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം 810/-രൂപയുടെ അധികചെലവ് ഉണ്ടായിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 10/27.04.23) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ്* |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 29,40,000 | പി എം എ വൈ (ജി) ഭവന പദ്ധതി ( പ്രോജക്റ്റ് നം.- എസ് 0007/22) | 2058000 | 882000 |
| ഗ്രാമ പഞ്ചായത്ത് | 2021-22 | 21,00,000 (മുന്നിരിപ്പ് ഉൾപ്പെടെ- 21,90,860) | | 19,10,860 | 2,80,000 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (114/22) | 110000 | 0 | 110000 |
| | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (90/22) | 170000 | 0 | 170000 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിര നിക്ഷേപം

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2005-06 | 0-7 | 0 | 0 | പട്ടിക വർഗ്ഗ കോളനി മണ്ണിട്ടുയർത്തൽ. | ഒഴിവാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പ്രമേയം പാസ്സാക്കി സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 129833538 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 87520350 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 59279 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 877967 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 50000 | ശ്രീ. രാജേഷ് വി, പട്ടികജാതിവികസന ഓഫീസർ |
| 3- 2 | | 7089 | ശ്രീമതി. സലീഷ്യസജനി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 1380 | ശ്രീ. ഫ്ലവിഷൽലാൽ, സെക്രട്ടറി |
| 3-4 | | 810 | ശ്രീ. സക്കീർ ഹുസൈൻ എച്ച്, സെക്രട്ടറി |
| ആകെ | | 59279 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-8 | 75000 | ശ്രീ. രാജേഷ് വി, പട്ടികജാതിവികസന ഓഫീസർ |
| 1-10 | 280000 | ശ്രീ. സക്കീർ ഹുസൈൻ എച്ച്, സെക്രട്ടറി |
| 1-17 | 64300 | ഡോ. ആർ റൂബി, മെഡിക്കൽ ഓഫീസർ |
| 1-19 | 50000 | ശ്രീ. രാജേഷ് വി, പട്ടികജാതിവികസന ഓഫീസർ |
| 1-19 | 100000 | ശ്രീമതി. ആഷ എസ്, പട്ടികജാതിവികസന ഓഫീസർ |
| 1-20 | 55667 | ശ്രീ. ഫ്ലവിഷൽലാൽ, സെക്രട്ടറി |
| 1-21 | 253000 | ശ്രീ. സക്കീർ ഹുസൈൻ എച്ച്, സെക്രട്ടറി |
| ആകെ | 877967 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-14

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. രാജേഷ് വി, പട്ടികജാതിവികസന ഓഫീസർ | സീനിയർ സൂപ്രണ്ട് പട്ടികജാതിവികസന വകുപ്പ് ഡയറക്ടേറ്റ് തിരുവനന്തപുരം | വെളിയിൽ ഹൌസ്, അവലൂക്കുന്ന് പി ഒ ആലപ്പുഴ 688006 |
| ശ്രീമതി. സലീഷ്യസജനി, അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | മാവുങ്കൽ വീട്, ചെറിയകടവ്, കണ്ണമാലി പി ഒ |
| ശ്രീ. ഫ്ലവിഷൽലാൽ, സെക്രട്ടറി | വിരമിച്ചു | ഗീതാഞ്ജലി, പാലസ് റോഡ്, നോർത്ത് പറവൂർ |
| ശ്രീ. സക്കീർ ഹുസൈൻ എച്ച്, സെക്രട്ടറി | സെക്രട്ടറി, പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് | നൂറിൽവില്ല, പുന്നപ്ര സൌത്ത് പി ഒ, ആലപ്പുഴ |
| ഡോ. ആർ റൂബി, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, തുറവൂർ | കൃഷ്ണഗായത്രി, CMC-30, ചേർത്തല |
| ശ്രീമതി. ആഷ എസ്, പട്ടികജാതിവികസന ഓഫീസർ | പട്ടികജാതിവികസന ഓഫീസർ വെട്ടിക്കവല ബ്ളോക്ക് പിൻ 691538 | മാഞ്ഞാണി കിഴക്കതിൽ, പാവുമ്പ സൌത്ത്, പാവുമ്പ പി ഒ, കരുനാഗപ്പള്ളി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-1998 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി : 18.03.2014 |
| 2002-2003 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി : 21.03.2014 |
| 2003-2004 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി : 21.03.2014 |
| 2005-2006 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി : 21.03.2014 |
| 2006-2007 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി : 21.03.2014 |
| 2010-2011, 2011-2012 | എൽ.എഫ്.എ.ബി.പി-533/13/19.10.2013 |
| 2012-2013 | എൽ.എഫ്.എ.ബി.പി-246/15/4.03.15/9.04.2015 |
| 2013-2014 | കെ.എസ്.എ-എ.പി.ബി.പി/1206/16 തീയതി : 03.04.2017 |
| 2014-15, 2015-16 | കെ.എസ്.എ-എ.എൽ.പി.ബി.പി/1167/2016 തീയതി : 26.12.2016 |
| 2016-2017 | കെ.എസ്.എ-എ.എൽ.പി.ബി.പി./1372/2017 തീയതി : 08.11.2017 |

| | |
|---|---|
| 2017-2018 | കെ.എസ്.എ-എ.എൽ.പി.ബി.പി./1469/2018 തീയതി : 06.10.2018 |
| 2018-2019 | കെ.എസ്.എ-എ.എൽ.പി.ബി.പി./872/2019 തീയതി : 09.10.2019 |
| 2019-2020 | കെ.എസ്.എ-എ.എൽ.പി.ബി.പി./530/2022/23.05.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി.ബി.പി./531/2022/05.07.2022 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്